VM ARCHITECTS
architecture + interiors

3rd Floor , 5/3403 C40 (3) , Space Mall , Jafferkhan Colony Road,calicut 673004 , Kerala - India
info@vmarchitects.net + 91 96 33 822 771 , 0495- 272 8771 www.vmarchitects.net

No.1197/1, 3rd floor(paratha plaza),22nd cross,HSR club road,Sector-3 , HSR layout,Bangalore- 560102
info.bangalore@vmarchitects.net + 91 96 33 82 27 71 | + 91 81 97 15 96 79 | 080 437 554 08
www.vmarchitects.net






# perfect makeover

# അതിജീവനകല

കൃത്യമായ പ്ലാനിംഗും ദീർഘവീക്ഷണവുമുണ്ടെങ്കിൽ റെനവേഷനിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് തെളിയിക്കുകയാണ് ആർക്കിടെക്റ്റ് വിനയ് മോഹൻ

FACTFILE

Project Type: **Residence Renovation**
Location: **Mahe**
Client: **Mr. Hamza**
Architect: **Vinay Mohan**
Design Style: **Contemporary**
Area: **3800 sq. ft**
Plot: **20 cent**
Completed In: **2015**





പരിമിതികളെ അതിജീവിക്കലാണ് ഓരോ റെനവേഷൻ പ്രൊജക്റ്റിന്റെയും ധർമ്മം. ആ അതിജീവനത്തിനോടൊപ്പം തന്നെ വീടിന്റെ ആത്മാവിനെയും നവീകരിച്ചെടുക്കാൻ ആർക്കിടെക്റ്റിനു കഴിഞ്ഞാൽ മാത്രമേ പുതുക്കിയ വീടുകൾക്ക് അവയുടേതായൊരു ക്യാരക്ടർ കൈവരുകയുള്ളൂ. കൃത്യമായ പ്ലാനിങ്ങും ദീർഘവീക്ഷണവും ഇല്ലെങ്കിൽ റെനവേഷൻ എന്നത് വെറുമൊരു ഏച്ചുകെട്ടൽ സ്വഭാവം മാത്രമായി മാറും. മാഹിയിൽ ഹംസയ്ക്കു വേണ്ടി ആർക്കിടെക്റ്റ് വിനയ് മോഹൻ നവീകരിച്ചു നൽകിയ വീട് റെനവേഷന്റെ മർമ്മം തൊട്ടറിഞ്ഞൊരു പ്രൊജക്റ്റാണ്. സൂര്യതേജസ്സോടെ തലയുയർത്തി നിൽക്കുന്ന ഈ വീടിന്റെ ഇന്റീരിയർ വിശേഷങ്ങൾ അടുത്തറിയാം.

## സ്ട്രക്ചർ മാറ്റാതെ

വീട് മുഴുവനായി പൊളിച്ച് പുതുക്കി പണിയേണ്ടി വരും എന്നായിരുന്നു ഹംസയുടെ കണക്കുക്കൂട്ടൽ. എന്നാൽ വീടിന്റെ അടിസ്ഥാന സ്ട്രെക്ച്ചർ നിലനിർത്തികൊണ്ടു തന്നെ നവീകരണം സാധ്യമാണ് എന്ന ആർക്കിടെക്റ്റിന്റെ വാക്കുകൾ ക്ലൈന്റിനും ആത്മവിശ്വാസം നൽകുന്നതായിരുന്നു. പഴയ വീട് 3000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഒന്നായിരുന്നു. വീട്ടുകാരുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് 800 സ്ക്വയർ ഫീറ്റ് കൂടി നവീകരണവേളയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. വീടിന് ഫ്രെഷ് ലുക്ക് വേണം, പുതിയ മുഖം വേണം, പഴയ വീടിന്റെ ഓർമ്മകളെ പുതിയ വീട്ടിലേക്കു കൂടി ക്ഷണിക്കുന്നതാവണം ഇന്റീരിയർ എന്നിങ്ങനെ ക്ലൈന്റിന്റെ ഭാഗത്തു നിന്നുള്ള എല്ലാ നിർദ്ദേശങ്ങളും മാനിച്ചാണ് ആർക്കിടെക്റ്റ് വിനയ് വീടിന്റെ സ്ട്രെക്ച്ചർ ഒരുക്കിയിരിക്കുന്നത്. നവീകരണത്തിനൊപ്പം ആധുനികവത്കരണം കൂടി ചേരുന്നതാണല്ലോ ഇക്കാലത്തെ റെനവേഷൻ പ്രൊജക്റ്റുകൾ. അതുപ്രകാരം പുതിയ കാലത്തിന്റെ സൗകര്യങ്ങളും ഈ വീടിന്റെ ഭാഗമാക്കിയിട്ടുണ്ട്. പൂർണമായും കൺടെംപ്രറി ശൈലിയിലാണ് എക്സ്റ്റീരിയറും ഇന്റീരിയറും ഒരുക്കിയിരിക്കുന്നത്.


## കൺടെംപ്രറിഎക്സ്റ്റീരിയർ

നാച്യുറൽ ടൈൽ പാകിയ അതിവിശാലമായ മുറ്റമാണ് അതിഥികളെ അകത്തേക്ക് ക്ഷണിക്കുന്നത്. ബ്രിക് കളറിന്റെ സൗന്ദര്യമുള്ള ഫാൾസ് വാളും ക്ലാഡിംഗുമെല്ലാം എക്സ്റ്റീരിയറിന്റെ മിഴിവു വർധിപ്പിക്കുന്ന ഘടകങ്ങളാണ്. ബ്രിക് കളറിലുള്ള ക്ലാഡിംഗ് ടൈലുകളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സ്റ്റീലും ഗ്ലാസ്സും ഉപ





കൺടെംപ്രറി ലുക്കിലേക്ക് മുഖംമിനുക്കി എക്സ്റ്റീരിയർ





വുഡ്- ഗ്ലാസ്സ് ഹാൻഡ് റെയിലുകൾ സിറ്റൗട്ടിനെ അലങ്കരിക്കുന്നു.



**3000 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള പഴയ വീട് മുഴുവനായി പൊളിച്ച് പുതുക്കിപ്പണിയണമെന്നായിരുന്നു ഉടമയുടെ കണക്കുകൂട്ടൽ. എന്നാൽ, അടിസ്ഥാന സ്ട്രക്ചർ നിലനിർത്തിക്കൊണ്ടാണ് നവീകണം സാധ്യമാക്കിയിട്ടുള്ളത്**

പഴയ വീട്.
(ഫയൽ ചിത്രം)





ന്ന എസ് എസും വുഡും ഉപയോഗിച്ചു നിർമ്മിച്ച പാർട്ടീഷൻ വാളിലും ഷഡ്ഭുജാകൃതി ആവർത്തിക്കപ്പെടുന്നു. പ്ലൈയും വെനീറും ഉപയോഗിച്ചാണ് സൈഡ് ടേബിളുകളും ടീപോയും എല്ലാം ഒരുക്കിയിരിക്കുന്നത്. സീലിംഗിലെ ബീമിനെയും പ്ലൈയും വെനീറും ഉപയോഗിച്ച് കവർ ചെയ്തെടുത്തിട്ടുണ്ട്.

## മൾട്ടി സ്റ്റെയർ കെയ്സ്

ഏറെ വ്യത്യസ്തമായൊരു ഡിസൈനാണ് സ്റ്റെയർ കെയ്സിന്റേത്. പല ലെവലുകളായാണ് സ്റ്റെയർ കെയ്സ് ഡിസൈൻ ചെയ്തിരിക്കുന്നത്. സ്റ്റെയർ എൻട്രി ഭാഗത്ത് സ്റ്റോൺ ഉപയോഗിച്ചാണ് സ്ട്രെക്ച്ചർ നിർമ്മിച്ചിരിക്കുന്നത്. അതിന് മുകളിലായി വുഡൻ സ്റ്റെപ്പുകൾ നൽകുകയാണ് ചെയ്തത്. ഈ ഏരിയയിൽ പ്ലൈവുഡും വെനീറും ഉപയോഗിച്ച് ഒരു അരഭിത്തിയും നൽകിയിരിക്കുന്നു. അതിനു മുകളിലായി എസ് എസ് ഉപയോഗിച്ച് പർഗോള ഡിസൈനും നൽകിയിരിക്കുന്നു. സ്റ്റെയർ കെയ്സിന്റെ അടുത്ത ലെവലുകളുടെ സ്ട്രെക്ച്ചർ നിർമ്മിച്ചത് ജി ഐ ഉപയോഗിച്ചാണ്. അതിനു മുകളിൽ വുഡൻ കവറിംഗ് നൽകി ഫിനിഷിംഗ് വരുത്തിയിട്ടുണ്ട്. ഗ്ലാസ്സും വുഡും എസ് എസും ഉപയോഗിച്ചാണ് ഹാൻഡ് റെയിൽ.

## ഡൈനിംഗ് ഏരിയ

ഫാമിലി ലിവിംഗിന് അഭിമുഖമായി കിടക്കുന്നതാണ് ഡൈനിംഗ് യൂണിറ്റ്. കണ്ടെംപ്രറി ഡിസൈ



ബെഡ് റൂമിന്റെ ഭാഗമായി വരുന്ന ലിവിംഗ് ഏരിയ.

ഊഞ്ഞാലിന്റെ സാന്നിധ്യവുമായി അപ്പർ ലിവിംഗ്







ഡിസൈനിന്റെ വൈവിധ്യവും റിച്ച്നെസ്സും ബെഡ് റൂമുകളെ വീട്ടുകാരുടെ പ്രിയപ്പെട്ട ഇടമാക്കി മാറ്റുന്നു.

നിലുള്ള ഡൈനിംഗ് ടേബിൾ യൂണിറ്റ് തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ടേബിളിന് ഗ്ലാസ്സ് ടോപ്പാണ് നൽകിയിരിക്കുന്നത്. ജിപ്സവും പ്ലൈവുഡും ഉപയോഗിച്ചാണ് സീലിംഗ് ഒരുക്കിയിരിക്കുന്നത്. സീലിംഗിലും ഹെക്സഗണൽ രൂപങ്ങൾ കാണാം. ഡൈനിംഗ് ഏരിയയോട് ചേർന്നു തന്നെ ഒരു ക്രോക്കറി ഷെൽഫും ഓവർ ഹെഡ് കാബിനും നൽകിയിട്ടുണ്ട്. വിട്രിഫൈഡ് ടൈലാണ് ഇവിടെ ഫ്ളോറിനെ അലങ്കരിക്കുന്നത്.

വാഷ് ഏരിയയ്ക്ക ഡൈനിംഗിന് അരികിലായി തന്നെ സ്പെയ്സ് നൽകിയിരിക്കുന്നു. കൊറിയോൺ ടോപ്പാണ് വാഷ് ഏരിയയ്ക്ക് നൽകിയത്. മൾട്ടിവുഡ് ഉപയോഗിച്ച് നിർമ്മിച്ച കാബിനറ്റുകൾക്ക് വൈറ്റ് പെയിന്റ് ഫിനിഷ് നൽകിയിരിക്കുന്നു. ക്ലാഡ്ഡിംഗ് സ്റ്റോൺ പതിച്ച് വാളിനെ ഹൈലൈറ്റ് ചെയ്തു. വുഡും വെനീറും ഉപയോഗിച്ച് ഒരുക്കിയ ലൈറ്റ് ഫിക്ച്ചറുകളിൽ സ്പോട്ട് ലൈറ്റുകളും നൽകിയിട്ടുണ്ട്.

## വിശാലമായ കിച്ചൻ

ഷോ കിച്ചനും വർക്കിംഗ് കിച്ചനും വർക്ക് ഏരിയയുമെല്ലാമായി വിശാലമായ ഒരു സ്പെയ്സാണ് കിച്ചന്റേത്. തൂവെള്ള നിറമാണ് ഷോ കിച്ചനെ ഹൃദ്യമാക്കുന്നത്. മൾട്ടിവുഡും പിയു കോട്ടിംഗും ഉപയോഗിച്ച് നിർമ്മിച്ച കബേർഡുകൾ വെണ്മയെ ജ്വലിപ്പിക്കുന്നു. അലുമിനിയം പ്രൊഫൈൽ ഹാൻഡിലുകളാണ് കബേർഡുകളിൽ ഉപയോഗിച്ചിരിക്കുന്നത്. മഡ് കളറിലുള്ള വിട്രിഫൈഡ്







## Meet the Designer



**Ar. Vinay Mohan**
**Firm :** VM ARCHITECTS
**Address :** rd floor , 5/3403 C40(3) ,
Space Mall , Jafferkhan Colony Road, Calicut.
Pin : 673 004
**Phone :** 0495 2728771
**Email :** vmarchitects01@gmail.com
**Website :** www.vmarchitects.net
**Whatsapp :** +91 96338 22771



വെണ്മയിൽ കുളിച്ച് ശോഭ കിച്ചനും യൂട്ടിലിറ്റിയ്ക്ക് പ്രാധാന്യം നൽകി വർക്കിംഗ് കിച്ചനും



ടൈലാണ് ഇവിടെ ഫ്ളോറിനെ അലങ്കരിക്കുന്നത്. സീലിംഗിനെ വുഡ് ഉപയോഗിച്ച് പാനൽ ചെയ്ത് മനോഹരമാക്കിയിരിക്കുന്നു. കൊറിയോൺ ആണ് കൗണ്ടർ ടോപ്പിൽ ഉപയോഗിച്ചിരിക്കുന്നത്. കൊറിയോണും പ്ലൈയും ഉപയോഗിച്ച് നിർമ്മിച്ച ഒരു കൊച്ചു ബ്രേക്ക്ഫാസ്റ്റ് ടേബിളു ഇവിടെ കാണാം. ഈ ഏരിയയിലെ ചുമരിന് ക്ലാഡ്ഡിംഗ് സ്റ്റോൺ പതിച്ചിട്ടുണ്ട്. യെല്ലോ- ബെയ്ജ്- ഗോൾഡൻ- വൈറ്റ് നിറങ്ങളുടെ കോമ്പിനേഷനിലാണ് വർക്കിംഗ് കിച്ചൻ ഒരുക്കിയിരിക്കുന്നത്. മാറ്റ് ഫിനിഷ് വിട്രിഫൈഡ് ടൈലാണ് ഫ്ളോറിൽ പതിച്ചത്.

### ബെഡ്റൂമുകൾ ആറ്

ആറു ബെഡ് റൂമുകൾ ഇവിടെയുണ്ട്. വീട്ടി കൊണ്ടു നിർമ്മിച്ച വലിയ കട്ടിലാണ് മാസ്റ്റർ ബെഡ് റൂമിന്റെ ഹൈലൈറ്റ്. ജിപ്സവും പ്ലൈവുഡും വെനീറും ഉപയോഗിച്ച് സീലിംഗും അലങ്കരിച്ചിട്ടുണ്ട്. വുഡൻ കളറിലും വൈറ്റ് കളറിലുമുള്ള വിട്രിഫൈഡ് ടൈലുകളുടെ കോമ്പിനേഷനാണ് ഫ്ളോറിൽ പരീക്ഷിച്ചിരിക്കുന്നത്. പ്രത്യേകം ഡ്രസ്സിംഗ് ഏരിയയും ഇവിടെ നൽകിയിട്ടുണ്ട്. ഡ്രസ്സിംഗ് ഏരിയയ്ക്കും ബെഡ് ഏരിയയ്ക്കും ഇടയിലായി വുഡ് ഉപയോഗിച്ച് ഒരു പാർട്ടീഷനും നൽകിയിട്ടുണ്ട്. പ്രൈവറ്റ് ലിവിംഗ് ഏരിയയും ഈ ബെഡ് റൂമിന് അകമ്പടിയാവുന്നുണ്ട്. ക്യൂട്ട് ഡിസൈനിലുള്ള ഒരു ഹാംഗിഗ് ലൈറ്റ് ലിവിംഗ് ഏരിയയിൽ പ്രഭ ചൊരിയുന്നു. മാസ്റ്റർ ബെഡ് റൂമിന്റെ അറ്റാച്ച്ഡ് ബാത്ത് റൂമും വിശാലമാണ്. ഡ്രൈ, വെറ്റ് ഏരിയകളെ പ്രത്യേകം വേർത്തിരിച്ച ഈ ബാത്ത് റൂമിൽ ലീഫ് ഡിസൈനിലുള്ള ടൈൽ ഉപയോഗിച്ച് വാൾ ക്ലാഡ്ഡിംഗ് നൽകിയിട്ടുണ്ട്.

പർപ്പിൾ കളറിന്റെ ഷെയ്ഡുകളും വെങ്ക വെനീറിന്റെ അഴകുമായി തീർത്തും കൺടെംപ്രറി ഡിസൈനിലുള്ള മറ്റൊരു ബെഡ് റൂം കൂടി ഇവിടെ കാണാം. മൾട്ടിവുഡും വെനീറും ഉപയോഗിച്ചാണ് ഇവിടെ ഹെഡ് റെസ്റ്റ് ഭാഗം ഒരുക്കിയിരിക്കുന്നത്. വൈറ്റ് പാൻലാക് ഗ്ലാസ്സാണ് ഹെഡ് റെസ്റ്റ് ഏരിയയുടെ മറ്റൊരു ആകർഷണം. വാർഡ്രോബിലും പാൻലാക് ഗ്ലാസ്സ് ഉപയോഗിച്ചിട്ടുണ്ട്. സീലിംഗിൽ ജിപ്സവും വുഡും കോവ് ലൈറ്റുകളും ഡിസൈൻ വൈവിധ്യം തീർക്കുന്നു.

ഈ വീട് കണ്ടിറങ്ങുമ്പോൾ അതിഥികളുടെ മനസ്സിൽ സ്പർശിക്കുന്ന മറ്റൊന്ന് സ്പെയ്സുകളുടെ കയ്യടക്കമാണ്. ഒരു ഇഞ്ച് സ്ഥലം പോലും പാഴാകാതെ ഉപയോഗപ്പെടുത്താൻ ആർക്കിടെക്റ്റ് ശ്രമിച്ചിട്ടുണ്ട്. ആ ശ്രമങ്ങൾ തന്നെയാവാം വീടിന്റെ ഇന്റീരിയറിന് ഇത്ര കയ്യടക്കം നൽകുന്നത്. വീട്ടുകാരുടെ സ്വപ്നങ്ങളോട് നൂറുശതമാനം ചേർന്നു നിൽക്കുന്ന ഈ വീട്, ഡിസൈൻ സാധ്യതകളുടെ അനന്തതയിലേക്കാണ് വെളിച്ചം വീഴുന്നത്.

ഫോട്ടോ: അജീബ് കൊമാച്ചി
റിപ്പോർട്ട്: മീര ഗോപാൽ